LIBRARY ARCHIVES Kerala Legislative Assembly

മൊബൈൽ ടവറുകളുടെ പ്രവർത്തനവും ശബ്ദ മലിനീകരണവും

89 (*T2290) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊബൈൽ ടവറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ടവറുകളിൽ നിന്നുള്ള വികിരണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടവറുകൾക്ക് അനുവദിച്ചിട്ടുള്ള ശബ്ദത്തിന്റെ തോത് എത്രയെന്ന് അറിയിക്കുമോ;

(ഡി) ടവറുകളുമായി ബന്ധപ്പെട്ട് രാത്രിയിലോ പകലോ ജനറേറ്ററുകളും മോട്ടറുകളും പ്രവർത്തിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് അനുവദിച്ച പരമാവധി ശബ്ദത്തിന്റെ അളവ് എത്രയെന്ന് അറിയിക്കുമോ;

(ഇ) ശബ്ദ മലിനീകരണം തടയാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും അധികാരപ്പെട്ട വകുപ്പ് ഏതെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൊബൈൽ ടവറുകളിൽ നിന്നുള്ള വികിരണം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി നാളിതുവരെയുള്ള പഠനങ്ങളിൽനിന്നും ആധികാരികമായും സംശയരഹിതമായും തെളിയിക്കപ്പെട്ടിട്ടില്ല.

(സി&ഡി) അന്തരീക്ഷ വായുവിൽ അനുവദനീയമായ ശബ്ദത്തിന്റെ അളവ് പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം രണ്ടായിരാമാണ്ടിൽ വിജ്ഞാപനം ചെയ്ത നോയിസ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. വ്യവസായിക മേഖല, വാണിജ്യ മേഖല, പാർപ്പിട മേഖല, നിശ്ശബ്ദ മേഖല എന്നിങ്ങനെ നാല് മേഖലകളായി തരംതിരിച്ച് ഓരോ മേഖലയിലും പകലും രാത്രിയും അനുവദനീയമായ ശബ്ദത്തിന്റെ പരിധി താഴെപ്പറയും പ്രകാരം ചട്ടത്തിൽ നിഷ്കർഷിച്ചിരിക്കുന്നു.

മേഖല	ശബ്ദ പരിധി (dB(A) Leq-ൽ	
	പകൽ സമയം	രാത്രി സമയം
(1)	(2)	(3)
വ്യാവസായിക മേഖല	75	70
വാണിജ്യ മേഖല	65	55

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(1)	(2)	(3)
പാർപ്പിട മേഖല	55	45
നിശ്ശബ്ദ മേഖല	50	40

പകൽ സമയം- രാവിലെ 6 മണി മുതൽ രാത്രി 10 മണി വരെ.

രാത്രി സമയം - രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെ

ടവർ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ അതിർത്തിക്കപ്പുറത്ത് ഏത് മേഖലയാണോ ആ മേഖലയ്ക്ക് അനുവദനീയമായ പരിധി കൈവരിക്കണം. ടവറുകളുമായി ബന്ധപ്പെട്ട് ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽനിന്ന് അനുമതി നൽകുന്നുണ്ട്.

(ഇ) ജനറേറ്ററിന്റെ പ്രവർത്തനം മൂലമുണ്ടാകാവുന്ന ശബ്ദ മലിനീകരണം തടയാൻ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന് ചുമതലയുണ്ട്. ശബ്ദത്തിന്റെ തീവ്രത കുറയ്ക്കുവാൻ അക്കൂസ്റ്റിക് ആവരണം ഏർപ്പെടുത്തുകയോ അടച്ച മുറിക്കുള്ളിൽ ജനറേറ്റർ സ്ഥാപിക്കുകയോ ചെയ്യണം. ഇപ്പോൾ അക്കൂസ്റ്റിക് ആവരണത്തോടുകൂടിയ ജനറേറ്ററുകൾ മാത്രമേ നിർമ്മിക്കാവൂ എന്ന് പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

മുഖാമുഖം സഹകാരി പരിപാടി

90(2291) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹരണ മേഖലയിൽ മുഖാമുഖം സഹകാരി സമ്പർക്ക പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിന്റെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly